**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2791** **10-03-2025 - ൽ മറുപടിയ്ക്ക്**

**പാറത്തോട് കാരയ്ക്കൽ നഗറിൽ സാംസ്കാരിക നിലയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കാരയ്ക്കൽ നഗറിൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ സ്ഥലത്ത് സാംസ്കാരിക നിലയം പണിയുന്നതിന് 52 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി ഡി.ഡി.ഒ.-കെ.ടി.എം.-183/2024 നമ്പറായി പട്ടികജാതി വികസന ഡയറക്ടറേറ്റിൽ സമർപ്പിച്ചിട്ടുള്ള പ്രവൃത്തിക്ക് ഭാരണാനുമതി നൽകുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | പൂഞ്ഞാർ മണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കാരയ്ക്കൽ നഗറിൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ സ്ഥലത്ത് സാംസ്കാരിക നിലയം പണിയുന്നതിന് 52 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പട്ടികജാതി വികസന കാര്യാലയത്തിൽ ലഭ്യമായിരുന്നു.<br><br>വകുപ്പിൽ നിന്നും തുക വകയിരുത്തി സാംസ്കാരിക നിലയം നിർമ്മിക്കുകയാണെങ്കിൽ അത് ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുമെന്നതിനാൽ പാറത്തോട് ഗ്രാമപഞ്ചായത്ത് സ്ഥലം വകുപ്പിന് കൈമാറുകയാണെങ്കിൽ പ്രൊപ്പോസൽ പരിഗണിക്കാവുന്നതാണെന്നും, കൂടാതെ ജില്ലാ പഞ്ചായത്തിന്റെ പ്രത്യേക ഘടക പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനുള്ള സാധ്യത കൂടി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് കോട്ടയം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | കോട്ടയം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ